**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5219. 30.06.2014 ൽ മറുപടിയ്ക്ക്.

ദേശസാൽക്കരണ നടപടികൾ

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പെർമിറ്റ് ദേശസാൽക്കരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ; | (എ) | ഒട്ടേറെ റൂട്ടുകൾ ദേശസാൽക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വർഷങ്ങളായി നടന്നുവരികയാണ്. പൊന്നാനി - ചമ്രവട്ടം പാലം - ചേളാരി റൂട്ട്, സ്വകാര്യ സൂപ്പർ ക്ലാസ് സർവ്വീസ് റൂട്ടുകളുമാണ് അവസാനമായി ദേശസാൽക്കരിച്ചത്. |
| (ബി) | ഇത് സംബന്ധമായി ഹൈക്കോടതിയിൽ കേസ് നടക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | സ്വകാര്യ, ഫാസ്റ്റ് പാസഞ്ചർ , സൂപ്പർ ഫാസ്റ്റ് പെർമിറ്റുകൾ തീരുന്ന മുറയ്ക്ക് അവ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ ; | (സി) | 16/07/2013 ലെ ജി.ഒ. (പി) 73/2013 ട്രാൻ. നം. സർക്കാർ ഉത്തരവ് പ്രകാരം പെർമിറ്റ് പുതുക്കി നൽകാത്തത് കാരണം സർവ്വീസ് നിലച്ചുപോകുന്ന സ്വകാര്യ സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് പകരമായി കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |
| (ഡി) | ഇക്കാര്യത്തിൽ ഹൈക്കോടതിയിലെ കേസ്സുകൾ കൃത്യമായി നിരീക്ഷിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ? | (ഡി) | നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.